**മഹാത്മാഗാന്ധി സർവ്വകലാശാല**

പുറത്തെഴുത്ത് നം. 153954/AC A1-2/2023/AC A1 പി.ഡി ഹിൽസ് - 07.02.2024

വിദ്യാഭ്യാസ പ്രവേശനത്തിനുള്ള അപേക്ഷകളിലും, പ്രൊഫഷണൽ കോളേജിലേക്കുള്ള സെലക്ഷൻ ലിസ്റ്റിലും , സ്കൂൾ ട്രാൻസ്ഫർ സർട്ടിഫിക്കറ്റിലും , ജാതി സർട്ടിഫിക്കറ്റിലും, ജാതി / സമുദായം, ഈഴവ എന്ന് രേഖപ്പെടുത്തുന്നതിന് പകരം ഈഴവ / തിയ്യ / ബില്ലവ (E/T/B) എന്ന് രേഖപ്പെടുത്തുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് ,സ.ഉ(എം.എസ്)നം.7/2020/പി.വി.വി.വ തീയതി 27.05.2020 സർവകലാശാലയിൽ നടപ്പിലാക്കുന്നതിന് 16.01.2024 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം മിനിട് സ് ഇനം നമ്പർ. 58/24.01/153954/ACA1/2/2023 പ്രകാരം തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉള്ളടക്കം : സ.ഉ (എം.എസ്) നം .7/2020/പി.വി.വി.വ. തീയതി 27.05.2020

**ശ്രീകുമാർ .റ്റി**

**അസിസ്റ്റന്റ് രജിസ്ട്രാർ I (അക്കാദമിക്)**

**രജിസ്ട്രാർക്ക് വേണ്ടി**

പകർപ്പ്

1. അഫിലിയേറ്റഡ് കോളേജുകൾ / പഠന വകുപ്പുകൾ / സെന്ററുകൾ

2.വൈസ് ചാൻസലർ / പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

3.രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ /പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ

4.എ.ആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ് / അക്കാദമിക്)

5.എ സി എ 4/ എ സി എ7/എ സി എ9/ എ സി എ12/ എ സി ബി6/ എ സി ബി 7/ SC ST സെൽ

6.പി.ആർ.ഒ /ഫ്രണ്ട് ഓഫീസ് / ഐ.ക്യു.എ .സി

7. യൂണിവേഴ്സിറ്റി വെബ് സൈറ്റ് ഐ.ടി.സെൽ 1/ 2 / എ സി സി1/ എ സി സി 2/എ റ്റി ആർ

8.റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

Draft #3 of File 153954/AC A1-2/2023/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 07-Feb-2024 01:02 PM - Page 1

കേരള സർക്കാർ

സംഗ്രഹം

പിന്നാക്ക സമുദായ വികസന വകുപ്പ് - വിദ്യാഭ്യാസ പ്രവേശനത്തിനുള്ള ലിസ്റ്റിലും അപേക്ഷകളിലും, സ്കൂൾ ട്രാൻസ്ഫർ സർട്ടിഫിക്കറ്റിലും, ജാതി സർട്ടിഫിക്കറ്റിലും സെൻസസ് രേഖകളിലും ജാതി/ സമുദായം ഈഴവ എന്ന് രേഖപ്പെടുത്തുന്നതിന് പകരം ഈഴവ /തിയ്യ/ ബില്ലവ (E/T/B) എന്ന് രേഖപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================

**പിന്നാക്ക സമുദായ വികസന (ബി)വകുപ്പ്**

സ.ഉ.(എം.എസ്)നം.7/2020 /പിവിവിവ    തീയതി, തിരുവനന്തപുരം, 27/05/2020

==========================================

പരാമർശം :- 02/05/1966 ലെ ജി.ഒ.(പി)നം.208/66/ഇഡിഎൻ.

**ഉത്തരവ്**

പി.എസ്.സി യുടെ വിജ്ഞാപനങ്ങളിൽ ഈഴവ കാറ്റഗറിയെ ഈഴവ/തിയ്യ/ബില്ലവ എന്ന് രേഖപ്പെടുത്തിയിട്ടുള്ളതു പോലെ വിദ്യാഭ്യാസ പ്രവേശനത്തിനുള്ള അപേക്ഷകളിലും, പ്രൊഫഷണൽ കോളേജുകളിലേയ്ക്കുള്ള സെലക്ഷൻ ലിസ്റ്റിലും, സ്കൂൾ ട്രാൻസ്ഫർ സർട്ടിഫിക്കറ്റിലും, ജാതി സർട്ടിഫിക്കറ്റിലും സെൻസസ് രേഖകളിലും തുടങ്ങി ഈഴവ എന്ന് സൂചിപ്പിക്കുന്ന രേഖകളിൽ എല്ലാം ഈഴവ /തിയ്യ/ബില്ലവ എന്ന് രേഖപ്പെടുത്തുവാൻ നടപടി സ്വീകരിക്കണമെന്ന് 09/10/2019-ൽ ചേർന്ന പിന്നാക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതി നിർദ്ദേശിച്ചു.

പബ്ലിക് സർവ്വീസ് കമ്മീഷൻ 10/07/2012 ൽ പുറപ്പെടുവിച്ച സർക്കുലറിന്റെ അടിസ്ഥാനത്തിൽ ഈഴവ, തിയ്യ, ബില്ലവ എന്നീ വിഭാഗങ്ങളെ ഒറ്റ ഗ്രൂപ്പായി ഉൾപ്പെടുത്തിയിട്ടുള്ളതു പോലെ തന്നെ വിദ്യാഭ്യാസ പ്രവേശനത്തിനും, ജാതി സർട്ടിഫിക്കറ്റ്, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് സെൻസസ് രേഖകൾ എന്നിവയിലെല്ലാം ഈഴവ/തിയ്യ/ബില്ലവ എന്ന് രേഖപ്പെടുത്തുന്നത് പരിഗണിക്കാമെന്ന് പിന്നാക്ക വിഭാഗ വികസന ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ഉദ്യോഗ സംവരണത്തിന് ഈഴവ/തിയ്യ/ബില്ലവ (E/T/B) എന്ന് രേഖപ്പെടുത്തിയിട്ടുള്ളതു പോലെ വിദ്യാഭ്യാസ പ്രവേശനത്തിനുള്ള അപേക്ഷകളിലും, പ്രൊഫഷണൽ കോളേജുകളിലേയ്ക്കുള്ള സെലക്ഷൻ ലിസ്റ്റിലും, സ്കൂൾ ട്രാൻസ്ഫർ സർട്ടിഫിക്കറ്റിലും, ജാതി സർട്ടിഫിക്കറ്റിലും സെൻസസ് രേഖകളിലും തുടങ്ങി ഈഴവ എന്ന് രേഖപ്പെടുത്തുന്നതിന് പകരം ഈഴവ/തിയ്യ/ബില്ലവ എന്ന് രേഖപ്പെടുത്തുന്നതിന് ഉത്തരവാകുന്നു. അപ്രകാരം SEBC ലിസ്റ്റിൽ ആവശ്യമായ മാറ്റം വരുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ പി.എൻ**
**അഡീഷണൽ സെക്രട്ടറി**

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #3 of File 153954/AC A1-2/2023/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 07-Feb-2024 01:02 PM - Page 2

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ആയുഷ് വകുപ്പ്
ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ് DPI
ഡയറക്ടർ, ഉന്നതവിദ്യാഭ്യാസ വകുപ്പ്
രജിസ്ട്രാർ, എല്ലാ യൂണിവേഴ്സിറ്റികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എൻട്രൻസ് കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, കനക നഗർ, വെള്ളയമ്പലം, തിരുവനന്തപുരം
രജിസ്ട്രാർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കമ്മീഷൻ, അയ്യങ്കാളി ഭവൻ, കനക നഗർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, തിരുവനന്തപുരം
പൊതുഭരണ വകുപ്പ്
വെബ് & ന്യൂ മീഡിയ, പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

(ഒപ്പ്)

സെക്ഷൻ ഓഫീസർ

Draft #3 of File 153954/AC A1-2/2023/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 07-Feb-2024 01:02 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം